പ്രസിദ്ധീകരണത്തിന്

സംസ്ഥാനത്ത് കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ നാല് മേഖലകളായി തിരിച്ചിരിക്കുകയാണ്.

പോസിറ്റിവിറ്റി നിരക്ക് 8-ൽ താഴെയുള്ളതാണ് എ വിഭാഗം, 8-നും 20-നും ഇടയിലുള്ളതാണ് ബി വിഭാഗം, 20-ന് മുകളിലുള്ളത് സി വിഭാഗവും 30-ന് മുകളിലുള്ളത് ഡി വിഭാഗവുമാണ്.

എ വിഭാഗത്തിൽ ബിവറേജസ് ഔട്ട്ലെറ്റുകൾ ഉൾപ്പെടെയുള്ള എല്ലാ കടകളും തുറക്കാൻ അനുമതിയുണ്ട്.

ബി വിഭാഗത്തിൽ അവശ്യസാധനങ്ങൾ വില്ക്കുന്ന കടകളും ബിവറേജസ് ഔട്ട്ലെറ്റുകളും തുറക്കാം.

സി വിഭാഗത്തിൽ അവശ്യസാധനങ്ങൾ വില്ക്കുന്ന കടകൾ എല്ലാ ദിവസവും തുറക്കാൻ അനുമതി ഉള്ളപ്പോൾ ചെരുപ്പ്, സ്റ്റേഷനറി, തുണിത്തരങ്ങൾ എന്നിവ വില്ക്കുന്ന കടകൾ വെള്ളിയാഴ്ച ദിവസം തുറക്കാൻ അനുമതി നല്കിയിട്ടുണ്ട്.

ഈ മേഖലകളിൽപെടുന്ന ആരാധനാലയങ്ങൾ ഒന്നുംതന്നെ തുറക്കാൻ പാടില്ലെന്നാണ് സർക്കാർനിർദ്ദേശം.

ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച് ലോക്ക്ഡൗണിന്റെ ആരംഭകാലത്ത് ഇളവുകൾ ഉണ്ടായിരുന്നു എന്നിരിക്കെ, സർക്കാരിന്റെ ഈ നിലപാട് വിശ്വാസികളുടെ അവകാശത്തെ പൂർണ്ണമായും ഹനിക്കുന്നതാണ്.

ആരാധനാലയങ്ങളിൽ യഥാവിധി നടക്കേണ്ട ദൈനംദിനചടങ്ങുകളോടൊപ്പം നിയന്ത്രിതമായ രീതിയിൽ വിശ്വാസികൾക്ക് ദർശനം നടത്തുന്നതിന് ആവശ്യമായ അനുമതി നല്കുവാനുള്ള പുനർചിന്തനം സർക്കാർഭാഗത്തുനിന്നും അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

പെരുന്ന
16.6.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി